(ആർ.ടി.) നമ്പർ 691/15/തൊഴിൽ തീയതി 27-5-2015 പ്രകാരം അഞ്ച് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം സംഭരണ നടപടികൾ (ടെണ്ടർ/ഇ-ടെണ്ടർ, DGS&D/State RC) സ്വീകരിച്ചുവരുന്നു.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിലുള്ള ഐ.ടി.ഐ. കളുടെ നിലവാരം മോശമാണെന്നും ആയതിനാൽ പ്രസ്തുത ഐ.ടി.ഐ.-കൾ വ്യാവസായിക പരിശീലന വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സബ്ജക്ട് കമ്മിറ്റി VII ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിതല, മന്ത്രിതല ചർച്ചകൾ നടത്തുകയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിലെ രണ്ട് ഐ.ടി.ഐ.-കൾ വകുപ്പിന് വിട്ട് നൽകുന്നതിനും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ ഐ.ടി.ഐ.-കൾ പൂർണ്ണമായി വകുപ്പിന് വിട്ട് നൽകുന്നത് പ്രായോഗികമല്ലെന്നും പട്ടികജാതി വികസന വകുപ്പ്തലത്തിൽ ചർച്ചകൾ നടത്തിയശേഷം തീരുമാനിക്കാമെന്നും ധാരണയായിരുന്നു.

ഇതിന്റെ വെളിച്ചത്തിൽ 7-6-2014 തീയതിയിലെ സ.ഉ. (എം.എസ്.) നം. 64/14/തൊഴിൽ നമ്പരായ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലെ രണ്ട് ഐ.ടി.ഐ.-കൾ വകുപ്പിന് കൈമാറുകയുണ്ടായി. എന്നാൽ പട്ടികജാതി വികസന വകുപ്പിൻ കീഴിലെ ഐ.ടി.ഐ.കൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് തുടർ നടപടികളൊന്നും തന്നെ പട്ടികജാതി വികസന വകുപ്പിൽ നിന്നും അറിയിച്ചിട്ടില്ല.

ശരണ്യ പദ്ധതി

201 (5004) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ശരണ്യ പദ്ധതി പ്രഖ്യാപിച്ചത് എപ്പോഴാണ് ;

(ബി) എത്ര തുക പദ്ധതിക്കായി വകയിരുത്തി; എത്ര തുക വിനിയോഗിച്ചു ;

(സി) എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു ;

(ഡി) ഓരോ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എത്ര വനിതകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2010-11 സാമ്പത്തിക വർഷത്തിൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശരണ്യ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ 38,80,00,000 രൂപ (മുപ്പത്തിഎട്ട് കോടി എൺപത് ലക്ഷം രൂപ) പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

(സി) ശരണ്യ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ 14 ജില്ലകളിലായി ആകെ 9460 വനിതകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

(ഡി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

നൈപുണ്യ പ്രോത്സാഹന പദ്ധതി

202 (5005) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. ഹംസ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തെ ബജറ്റിൽ നൈപുണ്യ പ്രോത്സാഹനം മുൻഗണനാ പരിപാടിയായി ഉൾപ്പെടുത്തിയിരുന്നോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നല്കുമോ ;

(സി) ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തപ്രകാരം ഏതൊക്കെ വകുപ്പുകൾ തങ്ങളുടെ ബജറ്റ് വിഹിതത്തിന്റെ ഒരു ശതമാനം വീതം ഈ പദ്ധതിക്കായി നീക്കിവച്ചെന്നും, ആകെ എത്ര തുക ഈ പരിപാടിക്കായി ചെലവഴിച്ചെന്നും അറിയിക്കാമോ ;

(ഇ) ഈ പരിപാടിയിൻകീഴിൽ വിവിധ തൊഴിൽദായക പദ്ധതികൾവഴി എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly